DWCD/6946/2024-ICDSB4

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 01-04-2025
E-Mail:directorate.wcd@kerala.gov.in
dicdsb4@gmail.com
Phone No.0471–2346534

**<u>സർക്കുലർ</u>**

വിഷയം: വനിതാ-ശിശു വികസന വകുപ്പ് – ഐസിഡിഎസ് – അങ്കണവാടി താൽക്കാലിക നിയമനം സംബന്ധിച്ച നിർദ്ദേശം - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിലെ 26.10.2021 ലെ ICDS B4 5021/2021 നമ്പർ പരിപത്രം

അങ്കണവാടികളിൽ താല്ക്കാലിക നിയമനം നടത്തുമ്പോൾ മുദ്ര പത്രത്തിൽ സത്യവാങ്മൂലം സമർ പ്പിക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ E- STAMPING പ്രാവർത്തികമാക്കുന്ന സാഹചര്യത്തിൽ 500/- രൂപയിൽ താഴെയുള്ള മുദ്രപത്രം ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ടെന്നും അങ്കണവാടികളിൽ യഥാസമയം നിയമനം നടത്താൻ സാധിക്കാതെ വരുന്നത് അങ്കണവാടികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ ഇക്കാര്യത്തിന്മേൽ തുടർ മാർഗനിർദ്ദേശം നൽകണമെന്നും വിവിധ ജില്ലാതല ഓഫീസർമാർ ആവശ്യപ്പെട്ടിട്ടുണ്ട്.

താല്ക്കാലിക നിയമനത്തിനായി ജോലിയിൽ പ്രവേശിക്കുന്നവർ, ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപ് നിശ്ചിത പ്രൊഫോർമയിലുള്ള സത്യവാങ്മൂലം മുദ്രപ്പത്രത്തിൽ നൽ കേണ്ടതാണെന്ന് സൂചന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. നിലവിലെ നിയമപ്രകാരം 50 രൂപയുടെ മുദ്രപത്രത്തിലാണ് സത്യവാങ്മൂലം സമർപ്പിക്കേണ്ടത്. ആയതിനാൽ അങ്കണവാടി പ്രവർത്തകരുടെ താൽക്കാലിക നിയമനത്തിനായി സൂചന പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സത്യവാങ്മൂലത്തിനും 50/- രൂപയുടെ മുദ്രപത്രം ഉപയോഗിക്കാവുന്നതാണ്.

അമ്പതു രൂപയുടെ മുദ്രപത്രം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ കുറഞ്ഞ മൂല്യത്തിനുള്ള മുദ്ര പത്രം പുനർമൂല്യം ചെയ്തു ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ ഇ-സ്റ്റാമ്പിംഗ് മുഖേന മുദ്രപത്രം ലഭ്യമാക്കുന്നതിനോ ഉള്ള സാധ്യതകൾ ബന്ധപ്പെട്ട ട്രഷറി ഓഫീസറിൽ നിന്നും ആരായാവുന്നതാണ്. ട്രഷറി ഓഫീസറുടെ നിർദ്ദേശ പ്രകാരം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

Signed by
Haritha V Kumar
Date: 02-04-2025 12:16:27
വനിത ശിശുവികസന ഡയറക്ടർ

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.
4. ജില്ലാതല ആഡിറ്റ് ഓഫീസർ & സീനിയർ സൂപ്രണ്ട്, ജില്ലാതല ICDS സെൽ
5. സ്റ്റോക്ക് സ്പെയർ